**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2250** **05-02-2026 - ൽ മറുപടിയ്ക്ക്**

**ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് നിയമനങ്ങൾക്കുള്ള യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിലെ നിയമനങ്ങൾക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ്; പ്രവൃത്തി പരിചയം ആവശ്യമുണ്ടോ; | (എ) | 2015 ജുവനൈൽ ജസ്റ്റിസ് ആക്ട്, 2016 മോഡൽ റൂൾ പ്രകാരമുള്ള യോഗ്യതകൾ അടിസ്ഥാനമാക്കിയാണ് ചൈൽഡ് വെൽഫയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളെ തെരെഞ്ഞെടുക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ചെയർപേഴ്സണെയും മെമ്പർമാരെയും തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഇപ്രകാരമാണ്:<br><br>ചൈൽഡ് സൈക്കോളജി/ സൈക്യാട്രി/ നിയമം/ സോഷ്യൽവർക്ക് സോഷ്യോളജി/ ഹ്യൂമൺ ഹെൽത്ത്/ വിദ്യാഭ്യസം/ ഹ്യൂമൺ ഡവലപ്പ്മെന്റ്/ സ്പെഷ്യൽ എഡ്യൂക്കേഷൻ ഫോർ ഡിഫ്രൻഡിലി ഏബിൽഡ് ചിൽഡ്രൻ എന്നിവയിൽ ഏതെങ്കിലും ഒന്നിലുള്ള ബിരുദവും, കൂടാതെ കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ ഏഴ് വർഷത്തിൽ കുറയാത്ത സജീവമായ പ്രവൃത്തിപരിചയവും. അല്ലെങ്കിൽ ചൈൽഡ് സൈക്കോളജി/ സൈക്യാട്രി/ നിയമം/ സോഷ്യൽ വർക്ക് സോഷ്യോളജി/ ഹ്യൂമൺ ഹെൽത്ത്; വിദ്യാഭ്യാസം/ ഹ്യൂമൻ ഡവലപ്പ്മെന്റ് സ്പെഷ്യൽ എഡ്യൂക്കേഷൻ ഫോർ ഡിഫ്രൻഡിലി ഏബിൽഡ് ചിൽഡ്രൻ എന്നിവയിൽ ഏതെങ്കിലും ഒന്നിലുള്ള ബിരുദത്തോട് കൂടിയുള്ള പ്രാക്ടീസിംഗ് പ്രൊഫഷണൽ.<br><br>ജുവനൈൽ ജസ്റ്റിസ് ബോർഡിൽ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നത് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഇപ്രകാരമാണ്:<br><br>ആരോഗ്യ/ വിദ്യാഭ്യാസം/ കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ ഏഴ് വർഷത്തിൽ കുറയാത്ത സജീവമായ പ്രവൃത്തി പരിചയം. അല്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | ചൈൽഡ് സൈക്കോളജി/ സൈക്യാട്രി/ സോഷ്യോളജി/ നിയമം എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദത്തോട് കൂടിയുള്ള പ്രാക്ടീസിംഗ് പ്രൊഫഷണൽ. |
| (ബി) | കമ്മിറ്റിയിലും ബോർഡിലും ഏറ്റവും പുതിയ അംഗങ്ങൾ ചാർജ് എടുത്തത് എന്നാണ്; ഈ അംഗങ്ങൾക്കെല്ലാം നിയമനത്തിന് വേണ്ട യോഗ്യതയുണ്ടോ; പ്രവൃത്തി പരിചയമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 03.11.2025-ലെ സ.ഉ. (അച്ചടി നം.6/2025/WCDD , സ.ഉ. (അച്ചടി നം.7/2025/WCDD നമ്പർ ഉത്തരവുകൾ പ്രകാരം യഥാക്രമം ജുവനൈൽ ജസ്റ്റിസ് ബോർഡുകളും കൊല്ലം ജില്ല ഒഴികെയുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളു രൂപീകരിക്കുകയും കൊല്ലം ജില്ല ഒഴികെയുള്ള പുതിയ കമ്മിറ്റി, ബോർഡ് അംഗങ്ങൾ ചാർജ്ജ് എടുക്കുകയും ചെയ്തിരുന്നു. 2025 ഡിസംബർ 12 ന് കൊല്ലം ജില്ലയിൽ പുതിയ ചൈൽഡ് വെൽഫെയർ കമ്മിറ്റി ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ ചാർജ്ജ് എടുത്തിട്ടുണ്ട്. നിശ്ചിത യോഗ്യതയു പ്രവൃത്തി പരിചയവും ഉള്ളവരെ മാത്രമാണ സെലക്ഷൻ കമ്മറ്റി നിയമനത്തിന പരിഗണിച്ചത്. |
| (സി) | ഏതെങ്കിലും കേസുകളിൽ പ്രതി പട്ടികയിൽ ചേർക്കപ്പെട്ടവർ നിലവിലെ കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ; അറിയിക്കുമോ; | (സി) | ഇല്ല |
| (ഡി) | മതിയായ യോഗ്യത ഇല്ലാത്തവരെ കമ്മിറ്റികളിൽ നിയമിച്ചതിനെതിരെ ഉദ്യോഗാർത്ഥികളിൽ ആരെങ്കിലും കേസ് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) | നിയമന നടപടിക്കെതിരെ അഡ്വ. എൽ. സാം ഫ്രാങ്ക്ളിൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) No. 45535/2025 നമ്പർ കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ